**File No.TCPCTP/2350/2019-D3**

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല - ആര്യങ്കോട് ഗ്രാമപഞ്ചായത്ത് കീഴാറ്റൂർ വില്ലേജ് പെട്രോൾപമ്പ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- (1) ആര്യങ്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/07/2019,30/09/2019 ലെ എ 3/3857/19,എ 3/4997/19 നമ്പർ കത്തുകൾ

(2) തിരുവനന്തപുരം ടൗൺ പ്ലാനറുടെ 09/10/2019 ലെ TCPTVM/1233/2019/D നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2350/19-D3** തീയതി:**31/10/2019**

---

തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കീഴാറ്റൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 179/1 - ൽ പ്പെട്ട 1234 ച.മീ സ്ഥലത്ത് Sales building(156 ച.മീ), Canopy(221 ച.മീ) ഉൾപ്പെടെ 377 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. അനുഷ ആർ.എൽ., ഷാൻസ് കോട്ടേജ്, ചെമ്പൂര് എന്നയാളുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ 2011 -നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. Retaining Wall-ന്റെയും അനുബന്ധനിർമ്മാണങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തണം.
8. കെ.പി.ബി.ആർ. 2011 61 (6), 61 (9) പ്രകാരം അഗ്നി സുരക്ഷ ഡയറക്ടറുടെയും ജില്ലാ കളക്ടറുടെയും അനുമതി ലഭ്യമാക്കേണ്ടതാണ്.
9. കെ.പി.ബി.ആർ.2011 61 (10) പ്രകാരം പെട്രോൾ ടാങ്കിന്റെയും വെന്റ്പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും 1976-ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ

അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.

10. കെ.പി.ബി.ആർ 2011 61 (16) , 61(17) പ്രകാരം in-situ liquid waste Management treatment Plant, മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുപയോഗത്തിനുമുള്ള പ്രത്യേക സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്നും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുകയും വേണം.
11. നിർദ്ദിഷ്ടനിർമ്മാണവും പ്രവർത്തനവും പരിസര പ്രദേശത്തെ ജനങ്ങളുടെ സൈ്വര ജീവിതത്തെ ബാധിക്കുന്ന വിധത്തിൽ അല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
12. കനോപിയിൽ നിന്നും റോഡ് അതിരിലേക്കുള്ള ദൂരം 3 m ഉം Sales building -ൽ നിന്ന് ഡിസ്പെൻസിങ്ങ് യൂണിറ്റിലേക്കുള്ള ദൂരം 7.5 m ഉം ഉണ്ടെന്ന് ഉറപ്പാക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :122/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ഉത്തരവിൻ പ്രകാരം

**ജയശ്രീ.പി.ആർ**
**ടൗൺ പ്ലാനർ**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, ആര്യങ്കോട് ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീമതി. അനുഷ ആർ.എൽ. ഷാൻസ് കോട്ടേജ്, ചെമ്പൂര്
2. ടൗൺ പ്ലാനർ, തിരുവനന്തപുരം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr291019